LIBRARY ARCHIVES Kerala Legislative Assembly

മറ്റും ഫണ്ടുകൾ ഉപയോഗിച്ച് കായംകുളം നിലയത്തിൽ വാഹനങ്ങളെയും ഉപകരണങ്ങളെയും സുഗമമായ പ്രവർത്തനത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. കായം കുളത്ത് കോടതി സമുച്ചയം നിർമ്മിക്കുന്നതിനായി 15 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 15-6-2019-ൽ ശിലാസ്ഥാപനം നടത്തുകയും ചെയ്തു.

സാമൂഹ്യ സേവന നിയമം

130 (4855) ശ്രീ. വി. ജോയി:

ശ്രീ. എ. എൻ. ഷംസീർ:

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:

ശ്രീ. കെ. കെ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഹചര്യംകൊണ്ട് അതീവ ഗുരുതരമല്ലാത്ത കുറ്റകൃത്യം ചെയ്തവരെ തിരുത്തിയെടുക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് പരിഗണനയിലുള്ളത്; 2021-ൽ നിലവിൽ വന്ന പ്രൊബേഷൻ നയം നടപ്പാക്കാൻ എന്തെല്ലാം കാര്യ പദ്ധതികളാണ് പരിഗണിക്കുന്നത്;

ജയിൽ ശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യമാണെങ്കിൽ കൂടി കേസിന്റെ സാഹചര്യം, കുറ്റകൃത്യത്തിന്റെ സ്വഭാവം, കുറ്റവാളിയുടെ പ്രകൃതം, കുറ്റവാളിയുടെ പ്രായം, കുടുംബ പശ്ചാത്തലം, പൂർവ്വകാല ചരിത്രം എന്നിവ കണക്കിലെടുത്ത് ചില വ്യവസ്ഥകൾക്ക് വിധേയമായി കുറ്റവാളിയുടെ ജയിൽ ശിക്ഷ മാറ്റിവയ്ക്കുകയും ഒരു പ്രത്യേക കാലയളവ് വരെ പ്രൊബേഷൻ ഓഫീസറുടെ മേൽനോട്ടത്തിൽ നിരീക്ഷണത്തിൽ വിടുകയും ചെയ്യുന്ന പ്രൊബേഷൻ (നല്ല നടപ്പ്) സംവിധാനം സാമൂഹ്യനീതി വകുപ്പ് മുഖേനയാണ് നടപ്പിലാക്കിവരുന്നത്. ഈ ആനുകൂല്യം ലഭിക്കുന്ന വ്യക്തികൾക്ക് ജയിലിലെ കൊടുംകുറ്റവാളികളുമായുള്ള സഹവാസം തടഞ്ഞ്, ജയിൽ പുള്ളി എന്ന പേര് വരാതെ സമൂഹത്തിൽ സാധാരണ ജനങ്ങളെപ്പോലെ സ്വന്തം കുടുംബത്തോടൊപ്പം ജീവിക്കുന്നതിന് സാധിക്കും. ടി കാലയളവിൽ പ്രൊബേഷൻ ഓഫീസർമാർ അവരുടെ വ്യക്തി ജീവിതത്തിലും കുടുംബ ജീവിതത്തിലും മാനസിക സാമൂഹിക ഇടപെടലുകൾ നടത്തുകയും അവരെ പരിവർത്തനത്തിന് വിധേയമാക്കുകയും ചെയ്യുന്നു. കൂടാതെ 18-25 നുമിടയിൽ പ്രായത്തിലുള്ള കുറ്റാരോപിതരിൽ സാമൂഹ്യ മനഃശാസ്ത്ര ഇടപെടലുകൾ നടത്തുന്ന നേർവഴി പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. 2021-ൽ നിലവിൽ വന്ന പ്രൊബേഷൻ നയവുമായി ബന്ധപ്പെട്ട കാര്യ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സാമൂഹ്യ സേവന നിയമം നടപ്പാക്കാൻ ആലോചിക്കുന്നുണ്ടോയെന്നറിയിക്കുമോ;

സാഹചര്യം കൊണ്ട് അതീവ ഗുരുതരമല്ലാത്ത കുറ്റകൃത്യം ചെയ്തവരെ ജയിലിൽ അയയ്ക്കുന്നതിനുപകരം ഒരു നിശ്ചിത മണിക്കൂർ/ദിവസം കണക്കാക്കി സർക്കാർ സംവിധാനങ്ങളിൽ സാമൂഹ്യസേവനത്തിന് നിയോഗിക്കുന്ന സാമൂഹ്യസേവന നിയമം കൊണ്ടുവരുന്ന കാര്യം വകുപ്പിന്റെ പരിഗണനയിലാണ്. മൂന്നു വർഷം വരെ ശിക്ഷ കിട്ടാവുന്ന കേസുകളിൽ സാമൂഹ്യ സേവനം പ്രൊബേഷൻ ഓഫീസർമാരുടെ മേൽനോട്ടത്തിൽ കൊണ്ടുവരാനും ആഗ്രഹിക്കുന്നു. അതോടൊപ്പം തന്നെ 18 വയസ്സു വരെയുള്ള, കേസിൽപ്പെട്ട കുട്ടികളുടെ മേഖലയിൽ കാവൽ പദ്ധതി മാതൃകയിൽ ആദ്യ കുറ്റവാളികളുടെ പുനരധിവാസം പരിഗണനയിലാണ്.

(സി) കുറ്റകൃത്യത്തിന് ഇരയാകുന്നവരെയും ജയിലിൽ കിടക്കുന്നവരുടെ ആശ്രിതരെയും തടവ് കഴിഞ്ഞിറങ്ങുന്നവരെയും എങ്ങനെയെല്ലാം പുനരധിവസിപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

I. കുറ്റകൃത്യത്തിന് ഇരയാകുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി രണ്ട് പദ്ധതികൾ നിലവിൽ നടപ്പിലാക്കിയിട്ടുണ്ട്.

1. അതിക്രമത്തിനിരയായവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി അതിക്രമത്തിനിരയായി കൊല്ലപ്പെടുകയോ, കിടപ്പിലാകുകയോ, ഗുരുതരമായി പരിക്കേൽക്കുകയോ, ചെയ്തവരുടെ മക്കൾക്ക് വിദ്യാഭ്യാസം തുടരുന്നതിന്/തുടങ്ങുന്നതിനായി വിദ്യാഭ്യാസ ധനസഹായം നൽകുന്നു.

2. കുറ്റകൃത്യങ്ങൾക്കിരയായി മരണപ്പെടുന്നവരുടെ ആശ്രിതർക്കും ഗുരുതര പരിക്ക് പറ്റിയവരുടെയും പുനരധിവാസത്തിനായി സ്വയം തൊഴിൽ സംരംഭം ആരംഭിയ്ക്കുന്നതിനായി ധനസഹായം നൽകുന്ന പദ്ധതി പദ്ധതിയുടെ ഭാഗമായി അർഹരായ ഗുണഭോക്താക്കൾക്ക് ഒറ്റത്തവണ ധനസഹായമായി 20,000 രൂപ വരെ നൽകുന്നു. കൂടാതെ സമഗ്രമായ സാമൂഹ്യ മനഃശാസ്ത്ര പുനരധിവാസം ഈ മേഖലയിൽ നടപ്പാക്കേണ്ടതിനായി പ്രസ്തുത കുടുംബങ്ങളുടെ ദൈനംദിന കാര്യങ്ങളിൽ ഇടപെട്ട് സമഗ്രമായ

LIBRARY ARCHIVES Kerala Legislative Assembly

പുനരധിവാസ പദ്ധതി തയ്യാറാക്കുന്നതിനും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സംവിധാനം വഴി ഇടപെടുന്നതിനുമായി നേർവഴി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

II. ജയിലിൽ കിടക്കുന്നവരുടെ ആശ്രിതരെ പുനരധിവസിപ്പിക്കുന്നതിനായി നിലവിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 5 വർഷമോ, അതിൽ കൂടുതലോ കാലം ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിഞ്ഞുവരുന്ന വ്യക്തികളുടെ ആശ്രിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഒറ്റത്തവണയായി 15,000 രൂപ ധനസഹായം നൽകുന്ന പദ്ധതി. ഒരു കുടുംബത്തിൽ ഒരാളെ മാത്രമേ ധനസഹായത്തിന് പരിഗണിക്കുകയുള്ളൂ. കുറ്റവാളികളുടെ ആശ്രിതരെന്ന നിലയിൽ ഭാര്യ/ഭർത്താവ്, തൊഴിൽ രഹിതരും, അവിവാഹിതരുമായ മകൻ/മകൾ എന്നിവർക്കാണ് പ്രസ്തുത ധനസഹായം അനുവദിക്കുന്നത്. കുറ്റകൃത്യങ്ങളെ അതിജീവിച്ച വരെപ്പോലെ ഇവരും കുറ്റം ചെയ്തവരല്ലാത്തതു കൊണ്ടുതന്നെ ഇവരുടെ വിഷയത്തിലും സമഗ്രമായ സാമൂഹ്യ മനഃശാസ്ത്ര പുനരധിവാസം നടപ്പാക്കുന്നത് പരിഗണനയിലാണ്.

III. തടവു കഴിഞ്ഞിറങ്ങുന്നവരുടെ പുനരധിവാസത്തിനായി ഒരു സ്വയം തൊഴിൽ ധനസഹായ പദ്ധതി മുൻ കുറ്റവാളികളുടെ സാമൂഹിക പുനരധിവാസത്തിന്റെ ഭാഗമായി സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി ഒറ്റത്തവണയായി 15,000 രൂപ ധനസഹായം നല്കുന്ന പദ്ധതി. ചെയ്ത കുറ്റത്തിനുള്ള ശിക്ഷ അനുഭവിച്ചു കഴിഞ്ഞാലും ഇവർ അനുഭവിക്കുന്ന സാമൂഹ്യ അയിത്തം പൂർണ്ണമായും ഇല്ലാതാക്കുന്നതിന് നേർവഴി പദ്ധതി ശക്തിപ്പെടുത്തുന്നതുകൊണ്ട് സാധിക്കും.

കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനിലെ ജീവനക്കാർ

131 (4856) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ എത്ര ജീവനക്കാരാണ് നിലവിലുള്ളതെന്ന വിവരം സ്ഥിരം/താൽക്കാലികം എന്ന തരത്തിൽ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly